LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് ജീവനക്കാരുടെ ജോലിയുടെ അപകട സാദ്ധ്യതയും പ്രത്യേക സ്വഭാവവും കണക്കിലെടുത്ത് അവർക്ക് അനുവദിച്ചിട്ടുള്ള പോലീസ് സ്പെഷ്യൽ അലവൻസ്, ഡേ ഓഫ് അലവൻസ് എന്നിവ പോലീസ് വകുപ്പിലെ സാങ്കേതിക വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദനീയമല്ല. എന്നാൽ പോലീസ് വകുപ്പിലെ ഡ്രൈവർ വിഭാഗത്തിൽപ്പെട്ട എല്ലാപേർക്കും ഡേ ഓഫ് അലവൻസ്, ഇലക്ട്രിസിറ്റി & വാട്ടർ അലവൻസ്, ഫീഡിംഗ് അലവൻസ്, റേഷൻ മണി അലവൻസ്, റിസ്ക് അലവൻസ്, സ്മാർട്ട്നെസ്സ് അലവൻസ് എന്നിവ എല്ലാം തന്നെ നൽകുന്നുണ്ട്.

(ബി) ഉണ്ട്. 26-2-2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 681/2011/ആഭ്യന്തരം പ്രകാരം സാങ്കേതിക വിഭാഗത്തിന്റെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുനൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം

234 (2062) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാന്വേഷണവും, ക്രമസമാധാനവും ഒരു ഓഫീസർ തന്നെ നിർവ്വഹിക്കുന്നത് ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ ; ഇവ രണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എസ്.ഐ., സി.ഐ., ഡിവൈ.എസ്.പി., എസ്.പി. പ്രൊമോഷൻ വൈകുന്നത് എന്തുകൊണ്ടാണ് ; ഇതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ ;

(സി) എസ്.ഐ. നിയമന പ്രക്രിയകൾ സ്ഥിരമായി കോടതി വ്യവഹാരത്തിൽ പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എസ്. ഐ. ട്രെയിനിംഗ് സിലബസ് പരിഷ്കരിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 27-12-2006-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) നമ്പർ 3069/2006/ആഭ്യന്തരം പ്രകാരം കേസന്വേഷണങ്ങൾ കാര്യക്ഷമതയോടെയും വേഗത്തിലും നടത്തുന്നതിനായി, ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ നടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് പോലീസ് സിറ്റി ജില്ലകളിലെ ക്രമസമാധാന പോലീസ് വിഭാഗത്തെയും അന്വേഷണ വിഭാഗത്തേയും വേർതിരിച്ച് പ്രവർത്തനം നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികകളിലേയ്ക്കുള്ള പ്രമോഷൻ നൽകുന്നുണ്ട്. സർക്കിൾ ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലേക്ക് പ്രമോഷൻ വൈകുന്നത്. ഇതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) ജി.ഒ. നമ്പർ 174/2013/ആഭ്യന്തരം തീയതി 5-7-2013 പ്രകാരം എസ്.ഐ. ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.

ട്രാഫിക്ക് കുറ്റകൃത്യങ്ങൾ

235 (2063) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാഫിക് കുറ്റകൃത്യങ്ങൾക്ക് 2013-14, 2014-15 വർഷങ്ങളിലും 2015-ൽ ഇതുവരെയും എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; പ്രസ്തുത വർഷങ്ങളിൽ പിഴയിനത്തിൽ എത്ര തുക ഈടാക്കി ; ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ട്രാഫിക്ക് കുറ്റകൃത്യങ്ങൾക്ക് രജിസ്റ്റർ ചെയ്ത കേസുകൾ, പെറ്റിക്കേസുകൾ, പിഴയിനത്തിൽ ഈടാക്കിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	പെറ്റിക്കേസുകളുടെ എണ്ണം	പിഴയിനത്തിൽ ഈടാക്കിയ തുക
2013-14	2,95,773	47,18,701	71,80,96,812
2014-15	2,88,022	41,65,295	61,85,16,220
2015 (ഏപ്രിൽ മുതൽ നവംബർ 28 വരെ)	2,24,678	36,50,703	49,17,12,301

എറണാകുളം റൂറൽ ജില്ലയിലാണ് ട്രാഫിക്ക് കുറ്റകൃത്യങ്ങൾക്ക് ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly